# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1238

12.06.2014-ൽ മറുപടിയ്ക്ക്

## ചേർത്തല മണ്ഡലത്തിലെ റോഡ് നവീകരണത്തിന്മേലുള്ള പരാതികൾ

| ചോദ്യം<br>ശ്രീ. പി.തിലോത്തമൻ | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്തുവകുപ്പ് മന്ത്രി) |
|---|---|
| (എ) ചേർത്തല മണ്ഡലത്തിൽ നിന്നും മണ്ഡലം ആസ്തി വികസന പദ്ധതിയിൽപെടുത്തി 2013-14 കാലയളവിൽ 12 റോഡുകൾ നവീകരിക്കുന്നതിന് എം.എൽ.എ നിർദ്ദേശം ഉൾക്കൊള്ളിച്ച 12.8.2013-ലെ കത്തും പൊതുമരാമത്ത് നിരത്ത് വിഭാഗം ഇതിന്മേൽ തയ്യാറാക്കി സമർപ്പിച്ച എസ്റ്റിമേറ്റ് അടക്കമുള്ള രേഖകളും പൊതുമരാമത്ത് ചീഫ് എൻജിനീയറുടെ ഓഫീസിൽ ലഭിച്ചത് എന്നായിരുന്നു; | (എ) ചേർത്തല മണ്ഡലത്തിൽ നിന്നും മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 15 എസ്റ്റിമേറ്റുകൾ ബന്ധപ്പെട്ട ദക്ഷിണ മേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും 10.10.2013-ൽ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത ഫയൽ മടക്കാൻ കാരണമെന്തായിരുന്നു എന്നു പറയാമോ; | (ബി) 03.10.2013-ലെ സി.ഇ/അഡ്മിൻ /പി.എൽ.എ/ 1014/2005 നമ്പർ സർക്കുലർ പ്രകാരം എസ്റ്റിമേറ്റ് MORTH data 2013 DSOR പ്രകാരമാണ് തയ്യാറാക്കേണ്ടിയിരുന്നത്. ഈ തിരുത്തൽ വരുത്തുവാനായിട്ടാണ് ഫയൽ മടക്കിയത്. |
| (സി) ഇതിലെ എസ്റ്റിമേറ്റുകൾ പുതുക്കി വീണ്ടും ചീഫ് എൻജിനിയറുടെ ഓഫീസിൽ ലഭിച്ചത് എന്നായിരുന്നു ; പ്രസ്തുത ഫയലുകൾ കൃത്യമായി പരിശോധിച്ച് പോരായ്മകൾ ഒന്നും ഇല്ലെന്ന് ഉറപ്പു വരുത്തിയാണോ സെക്രട്ടേറിയറ്റിലേയ്ക്കു അയച്ചത് എന്നു പറയാമോ ;<br><br>(ഡി) ഒരുമിച്ച് ലഭിച്ച എസ്റ്റിമേറ്റുകളിൽ 9 റോഡുകളുടെ ഫയലുകൾ മാത്രം ആദ്യം അയച്ചത് എന്തുകൊണ്ടായിരുന്നു എന്നു പറയാമോ; ശേഷിച്ച 3 ഫയലുകൾ എന്നാണ് അയച്ചത് എന്ന് പറയാമോ; | (സി) & (ഡി) പുതുക്കിയ ഒൻപത് എസ്റ്റിമേറ്റുകൾ 18.02.2014 ലും,മൂന്ന് എസ്റ്റിമേറ്റുകൾ 09.05.2014-ലും ബന്ധപ്പെട്ട സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ലഭിക്കുകയുണ്ടായി. ഇതായിരുന്നു എസ്റ്റിമേറ്റുകൾ രണ്ട് തീയതികളിൽ സമർപ്പിക്കുവാനുണ്ടായ കാരണം. 9 എസ്റ്റിമേറ്റുകൾ അടങ്ങിയ നിർദ്ദേശത്തിൽ പഞ്ചായത്തിന്റെ പ്രമേയവും 3 എസ്റ്റിമേറ്റുകൾ അടങ്ങിയ നിർദ്ദേശത്തിൽ എം.എൽ.എ.യുടെ കത്തും പഞ്ചായത്തിന്റെ പ്രമേയവും |

ഉൾക്കൊള്ളിച്ചിട്ടുണ്ടായിരുന്നില്ല. തുടർന്ന് പഞ്ചായത്തിന്റെ പ്രമേയം ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ നേരിട്ട് സർക്കാരിൽ ലഭ്യമാക്കുക യുണ്ടായി. എം.എൽ.എയുടെ കത്തി ല്ലാതിരുന്നതിനാൽ 17.05.2014-ൽ മടക്കിയ 3 എസ്റ്റിമേറ്റുകളടങ്ങിയ നിർദ്ദേശം പോരായ്മ പരിഹരിച്ച് 29.05.2014-ൽ തിരികെ സർക്കാരിൽ ലഭിച്ചു.

| | |
|---|---|
| (ഇ) മൂന്നു ഫയലുകൾ കാണാതായതു സംബന്ധിച്ച് ചീഫ് എൻജിനിയർക്ക് പരാതി ലഭിച്ചിരുന്നുവോ; എന്നാണ് പ്രസ്തുത പരാതി ലഭിച്ചതെന്നു പറയാമോ; പ്രസ്തുത പരാതിയിന്മേൽ എന്തെങ്കിലും മറുപടി നൽകിയിരുന്നോ ; മറുപടിയുടെ പകർപ്പ് ലഭ്യമാക്കുമോ? | (ഇ) മൂന്ന് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സംബന്ധിച്ച് 27.03.2014-ന് ബഹു. ചേർത്തല എം.എൽ.എയുടെ കത്ത് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് ലഭിച്ചു. മേൽനടപടികൾക്കായി കത്ത് ദക്ഷിണ മേഖല സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നൽകുകയും തുടർന്ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ മൂന്ന് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ 09.05.2014-ൽ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിന് നൽകുകയുണ്ടായി തുടർന്ന് ഭരണാനുമതിയ്ക്കായി പ്രസ്തുത പ്രൊപ്പോസലുകൾ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത പരാതിയിന്മേൽ നടപടി സ്വീകരിച്ചു കഴിഞ്ഞതിനാൽ ഇതു സംബന്ധിച്ച് ബഹു. എം.എൽ.എയ്ക്ക് ചീഫ് എഞ്ചിനീയർ തുടർ മറുപടി നൽകുകയുണ്ടായില്ല. |

സെക്ഷൻ ഓഫീസർ